File No.AYUSH-A2/299/2019-AYUSH

3489
1|3|21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുഷ് - ദി ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലിമിറ്റഡ് (ഔഷധി) - ഔഷധി ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്/എക്സ് ഗ്രേഷ്യ എന്നിവ അനുവദിച്ച ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (എ) വകുപ്പ്

G.O.(Ms) No.6/2021/AYUSH തീയതി, തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1 22.8.2019-ലെ ജി.ഒ.(പി) 79/2019/തൊഴിൽ

2 ഔഷധി മാനേജിംഗ് ഡയറക്ടറുടെ 24.8.2019-ലെ ഇ1-49/19 നം. കത്ത്

<u>ഉത്തരവ്</u>

ഓണത്തിനോടനുബന്ധിച്ച് എല്ലാ വർഷവും ഔഷധിയിലെ ജീവനക്കാർക്ക് ബോണസ് എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാറുണ്ടെന്നും നിലവിലെ സർക്കാർ നിർദ്ദേശപ്രകാരം ബോണസ് ഒഴികെയുള്ള ആനുകൂല്യങ്ങൾ സർക്കാരിന്റെ സമ്മതത്തോടെ മാത്രമേ അനുവദിക്കാവൂ എന്നതിനാൽ ബോണസിനു പുറമേ എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങളും എല്ലാ വർഷവും നൽകിവരുന്നുണ്ടെന്നും പരാമർശം 2-പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

2) 2018-2019 വർഷത്തെ ബോണസ്സ്/എക്സ് ഗ്രേക്ഷ്യ ഔഷധി ജീവനക്കാർക്ക് നൽകുന്നതിനായി ബഹു. ആരോഗ്യ മന്ത്രിയുടേയും ബഹു. തൊഴിൽ വകുപ്പ് മന്ത്രിയുടെയും മദ്ധ്യസ്ഥതയിൽ കൂടിയ ത്രികക്ഷി ചർച്ചയിലെ ഒത്തു തീർപ്പ് നിബന്ധനകളിൽ 2018-ൽ ബോണസിനു പുറമെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകിയത് മുൻ വർഷത്തേക്കാൾ കൂടുതൽ അല്ലാത്തതിനാലും കഴിഞ്ഞ വർഷം അത് ചർച്ച ചെയ്യാൻ ത്രികക്ഷി യോഗം പ്രളയക്കെടുതിമൂലം നടത്താൻ സാധിക്കാത്തതിനാലും 2018-ൽ തുക നൽകിയ നടപടി സാധൂകരിക്കാൻ സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിൽ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ (G.O.(P) No. 79/2019/തൊഴിൽ, തീയതി 22.08.2019) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചല്ലാതെ ഔഷധി ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ എന്നിവ അനുവദിച്ച ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR.SHARMILA MARY JOSEPH IAS
SECRETARY

മാനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (പി.യു.ബി) വകുപ്പ് (10.03.2020-ലെ പി.യു.ബി2/5/2020/ധന നം. അനൗ.കുറിപ്പ്)
തൊഴിൽ വകുപ്പ്(27.05.2020-ലെ ഡി1/80/2020/തൊഴിൽ നം. അനൗ. കുറിപ്പ്)
ആസൂത്രണ സാമ്പത്തിക കാര്യ ( ബി .പി .ഇ ) വകുപ്പ് ( PLGEA -BPE 2 / 27 / 2020 -PLGEA തീയതി 11 .02 .2020 )
പൊതു ഭരണ ( എസ് .സി ) വകുപ്പ് (ഇനം നം .4803 ,തീയതി 24 / 02 / 2021 )
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signature valid
Digitally signed by
Date 2021 02 26
Reason Approved

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. എ2/299/2019/ആയുഷ്. ഇനം നം: 4803

വിഷയം : ആയുഷ് വകുപ്പ് - ഔഷധി ജീവനക്കാരുടെ 2018-19 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ - മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് വകുപ്പ്.

25/2/21

AS | DS

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 2/299/2019/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഔഷധി ജീവനക്കാരുടെ 2018-19 വർഷത്തെ ബോണസ് /എക്സ്ഗ്രേഷ്യ -മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്-സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.02.2021 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | പ്ലാനിംഗ് (ബി.പി.ഇ)വകുപ്പ്, തൊഴിൽ വകുപ്പ്<br>ഉണ്ട്. |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ വി. |
| 8. കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ഡോ. ഷർമിള മേരി ജോസഫ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 17/02/2021 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/02/2021 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20/02/2021 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 22/02/2021 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

തൊഴിൽ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ (G.O.(P) No. 79/2019/തൊഴിൽ, തീയതി 22.08.2019) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചല്ലാതെ ദി ഫാർസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ എന്നിവ അനുവദിച്ച ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. ഓണത്തിനോടനുബന്ധിച്ച് എല്ലാ വർഷവും ഔഷധിയിലെ ജീവനക്കാർക്ക് ബോണസ് / എക്സ്ഗ്രേഷ്യ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാറുണ്ടെന്നും നിലവിലെ സർക്കാർ നിർദ്ദേശപ്രകാരം ബോണസ് ഒഴികെയുള്ള ആനുകൂല്യങ്ങൾ സർക്കാരിന്റെ സമ്മതത്തോടെ മാത്രമേ അനുവദിക്കാവൂ എന്നതിനാൽ ബോണസ്സിനു പുറമേ എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങളും എല്ലാ വർഷവും നൽകിവരുന്നുണ്ടെന്നും ഔഷധി മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു . 2018-19 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ ആനുകൂല്യങ്ങൾ ഔഷധി ജീവനക്കാർക്ക് നൽകുന്നതിനായി ബഹു. ആരോഗ്യ മന്ത്രിയുടേയും ബഹു . തൊഴിൽ വകുപ്പ് മന്ത്രിയുടെയും മദ്ധ്യസ്ഥതയിൽ 05.09.2019- ന് കൂടിയ ത്രികക്ഷി ചർച്ചയിൽ(തൊഴിൽ കമ്മീഷണർ, ഔഷധി മാനേജിംഗ് ഡയറക്ടർ, തൊഴിലാളി യൂണിയൻ പ്രതിനിധികൾ) ചുവടെ ചേർത്തിട്ടുള്ള തീരുമാനങ്ങളുടെ എടുത്തിട്ടുള്ളതാണ്.

(i) ബോണസ് അർഹതയുള്ളവർക്ക് 2018 - ൽ വിതരണം ചെയ്ത തുക ബോണസ് ആയി ബോണസ് ആക്റ്റിന് വിധേയമായി നൽകാവുന്നതാണ് . .

(ii) പേയ്മെന്റ് ഓഫ് ബോണസ് ആക്ട് നിയമ പ്രകാരം ബോണസ് ആക്റ്റിന്റെ പരിധിക്കുമുകളിൽ ഉള്ളവർക്ക് ഫെസ്റ്റിവൽ അലവൻസായി സർക്കാർ പ്രഖ്യാപിച്ചതായ 2750/ - രൂപയും എക്സ്ഗ്രേഷ്യയായി കഴിഞ്ഞ വർഷം നൽകി തുകയായ 15000 രൂപയും നൽകാവുന്നതാണ് .

(iii). ബോണസിന് അർഹതയുള്ള സ്ഥിര ജീവനക്കാർക്ക് ബോണസിന് പുറമെ എക്സ്ഗ്രേഷ്യയായി 2017 - ൽ നൽകിയ 2000 രൂപ 2018, 2019 വർഷത്തിലും നൽകുവാനായി യൂണിയൻ പ്രതിനിധികൾ ആവശ്യപ്പെട്ടു. പ്രസ്തുതയിനത്തിലെ തുക നൽകുന്ന കാര്യവും സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുവാൻ തീരുമാനിച്ചു .

(iv) അപ്രന്റീസ് വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് 2018 വർഷത്തിൽ വിതരണം ചെയ്ത തുകയായ 7500 രൂപ സ്പെഷ്യൽ ഉത്സവബത്ത ആയി നൽകുന്നതിന് തീരുമാനിച്ചു.

(v) കുടുംബശ്രീ മുഖേന നിയോഗിക്കപ്പെട്ട ജീവനക്കാർക്ക് 2018 വർഷത്തിൽ വിതരണം ചെയ്ത തുകയായ 4000 രൂപ സ്പെഷ്യൽ ഉത്സവബത്ത ആയി നൽകുന്നതിന് തീരുമാനിച്ചു.

(vi). സ്ഥാപനത്തിലെ സ്ഥിരം ജീവനക്കാർക്ക് 5000 രൂപ വീതം അഡ്വാൻസായി നൽകുന്നതിനും പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം തന്നെ തുല്യമാസഗഡുക്കളായി തിരിച്ചു പിടിക്കുന്നതിനും തീരുമാനിച്ചു.

2019 സെപ്റ്റംബർ 9- ന് മുമ്പായി മേൽതുക വിതരണം ചെയ്യുന്നതാണ്.

(vii). മുൻ വർഷം ബോണസിനു പുറമെയുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകിയത് മുൻ വർഷത്തേക്കാൾ കൂടുതൽ അല്ലാത്തതിനാലും കഴിഞ്ഞ വർഷം(2018) അത് ചർച്ച ചെയ്യാൻ ത്രികക്ഷി യോഗം പ്രളയക്കെടുതിമൂലം നടത്താൻ സാധിക്കാത്തതിനാലും കഴിഞ്ഞ വർഷം തുക നൽകിയ നടപടി സാധൂകരിക്കാൻ സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

3. ഇത് സംബന്ധിച്ച് പ്ലാനിംഗ് ( ബി . പി . ഇ ) വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു .

"Administrative Department is informed that Oushadhi is a zero-debt Company, with enough cash and bank balance in hand. However, as noticed from BPE Review Report 2018-19, the statutory audit of the Company for the financial year 2018-19 is yet to be completed.

Some of the Key Performance Indicators of the Pharmaceutical Corporation (IM) Kerala Limited (Oushadhi) for the last 3 years are shown below:

| Year | 2016-17 | 2017-18 | 2018-19 |
|---|---|---|---|
| Total income | 9914.84 | 14498.49 | 15735.41 |
| Net profit | 958.49 | 1785.05 | 2159.23 |
| Income Tax paid | 505.72 | 1053.48 | 821.06 |
| Contribution to State/Central exchequer (including Income Tax) | 1358.21 | 1279.01 | 1151.34 |
| Dividend paid to GoK | 25.00 | 25.00 | Yet to be declared |

In view of the comfortable financial position of the Company as revealed from the financial statements and also considering the fact that the Company is consistently making profits and that there is an increase in profit year on year, this Department has no objection in the bonus/exgratia payments made to the employees of the Company for the FY 2018-19 based on the decisions taken in the meeting held on 5/9/2019 in the presence of Hon. Health Minister & Hon. Labour Minister. As stipulated in the Bonus guidelines issued for the FY 2018-19, approval/ratification of the Council of Ministers may therefore be taken by AD, with the concurrence of Finance Dept."

4. പ്ലാനിംഗ് ( ബി . പി . ഇ ) വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ധനവകുപ്പിലേക്ക് അയച്ചപ്പോൾ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി .

തൊഴിൽ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ (GO (P) No. 79/219/LBR dtd 22.8.2019) മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചല്ലാതെ ഔഷധിയിൽ നൽകിയ ബോണസും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച് ഇളവ് ആവശ്യമുണ്ടെങ്കിൽ ആയത് അനുവദിക്കേണ്ടത് തൊഴിൽ വകുപ്പായതിനാൽ ഈ വിഷയത്തിൽ തൊഴിൽ വകുപ്പിന്റെ അംഗീകാരം തേടാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു .

5. ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ (G.O.(P)No.79/2019/ തൊഴിൽ തീയ്യതി :22/8/2019) മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചല്ലാതെ ഔഷധിയിൽ ബോണസും മറ്റ് ആനുകൂല്യങ്ങളും നല്കിയ നടപടിയോട് വകുപ്പ് യോജിക്കുന്നില്ല എന്ന് ആയുഷ് വകുപ്പിനെ അറിയിക്കാവുന്നതാണ് ."

6. മേൽ സാഹചര്യത്തിൽ തൊഴിൽ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ (G.O.(P) No. 79/2019/തൊഴിൽ, തീയതി 22.08.2019) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചല്ലാതെ ഔഷധി ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ എന്നിവ അനുവദിച്ച ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കണ നിർദ്ദേശം മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാമോ എന്നതു സംബന്ധിച്ച് ഫയൽ സമർപ്പിച്ചപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

തൊഴിൽ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ് ലൈൻസിലെ (G.O.(P) No. 79/2019/തൊഴിൽ, തീയതി 22.08.2019) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചല്ലാതെ ദി ഫാർസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് (ഔഷധി) ജീവനക്കാർക്ക് 2018-19 വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ എന്നിവ അനുവദിച്ച ഔഷധി മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?